# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.TSR (P-4)1840/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 06/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.TSR (P-4)1840/2022. തീയ്യതി: 06/12/2022

## തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-07-2021 മുതൽ 13-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ ഗ്രേ) | 14-10-2022 | 21-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-10-2022 | 21-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ് എം.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത.ടി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യാ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രിൻസി ഫ്രാൻസിസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ സജി.ടി.ജി. | സെക്രട്ടറി | 01-04-2021 | 11-04-2021 |
| ശ്രീമതി ഉഷാദേവി.കെ.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-04-2021 | 30-04-2021 |
| ശ്രീ സജി.ടി.ജി. | സെക്രട്ടറി | 01-05-2021 | 07-11-2021 |
| ശ്രീമതി ഗ്രേസി.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-11-2021 | 22-11-2021 |
| ശ്രീ സജി.ടി.ജി. | സെക്രട്ടറി | 23-11-2021 | 26-01-2022 |
| ശ്രീമതി ഗ്രേസി.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-01-2022 | 06-02-2022 |
| ശ്രീ സജി.ടി.ജി. | സെക്രട്ടറി | 07-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിലൂഫർ.എം.ബാനു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ കുരിയാക്കോസ് അലോഷ് പീറ്റർ | വെറ്ററിനറി സർജൻ | 01-04-2021 | 30-11-2021 |
| ശ്രീ അഭിലാഷ്.പി.എസ്. | വെറ്ററിനറി സർജൻ | 01-12-2021 | 31-03-2022 |
| ശ്രീ സലീഷ്.സി.കെ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,കാട്ടുകുറ്റി സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി രേഷ്മ.ആർ.നായർ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,വൈന്തലസർക്കിൾ | 01-04-2021 | 09-02-2022 |
| ശ്രീ സലീഷ്.സി.കെ | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ,വൈന്തലസർക്കിൾ | 10-02-2022 | 31-03-2022 |
| ശ്രീ സാബു.സി.എസ് | കൃഷി ഓഫീസർ | 01-04-2021 | 30-04-2021 |
| ശ്രീമതി ടീന സമേതി | കൃഷി ഓഫീസർ | 01-05-2021 | 31-03-2022 |
| ശ്രീമതി ഉഷാദേവി.കെ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 18-07-2021 |
| ശ്രീമതി ഗ്രേസി.കെ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി സുഷമ.സി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ജിബിന.എം.എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.ദീപ്തി രാജു. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.രേഖ.എൻ.എസ്. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീ.വിമല്ലൻ.വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | കാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല | 1-10 |
| 11 | വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-11 |
| 12 | വസ്തു നികുതി നോൺ റസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-12 |
| 13 | വസ്തു നികുതി - റസിഡൻഷ്യൽ കുടിശ്ശിക - ഡിസിബിയും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-13 |
| 14 | വസ്തു നികുതി നോൺ റസിഡൻഷ്യൽ കുടിശ്ശിക -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-14 |
| 15 | വസ്തുനികുതി,ലൈബ്രറിസെസ് എന്നിവയിലെ ഡിസിബി പത്രികയിൽ കൃത്യതയില്ല | 1-15 |
| 16 | വസ്തുനികുതി മുൻകൂർ-സഞ്ചയയും ബാലൻസ് ഷീറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-16 |
| 17 | വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല. | 1-17 |
| 18 | പ്രയർ പിരീഡ് മുഖേന ലൈബ്രറി സെസ് തുക വർദ്ധിപ്പിച്ചു. | 1-18 |
| 19 | വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി. | 1-19 |
| 20 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-20 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-21 |
| 22 | ജേണൽ എൻട്രികൾക്ക് വൗച്ചർ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല. | 1-22 |
| 23 | തൊഴിലുറപ്പ് പദ്ധതി-കോൺക്രീറ്റ് റോഡ് നിർമ്മാണം -മൂലധന ചെലവായി രേഖപ്പെടുത്തിയില്ല. | 1-23 |
| 24 | വികസന/മെയ്ന്റനൻസ് ഫണ്ടുകളുടെ ചെലവ് സാധ്യ എ.സി.ആറിലും | 1-24 |

| | | |
|---|---|---|
| | ധനകാര്യ പത്രികയിലും വത്യസ്ഥമായിരിക്കുന്നു. | |
| 25 | പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല | 1-25 |
| 26 | പാർട്ട് ബിൽ നല്കിയതുക Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപെടുത്തിയിട്ടില്ല. | 1-26 |
| 27 | ഡെപ്പോസിറ്റ് വർക്കിന് കൈമാറി വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത തുക വാർഷിക ധനകാര്യപത്രിക B-18 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-27 |
| 28 | ലേലം - നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-28 |
| 29 | കരാറുകാർ തൊഴിൽനികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-29 |
| 30 | റേഷൻ കടകൾ ,കള്ള്ഷാപ്പുകൾ -ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ് | 1-30 |
| 31 | ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 32 | ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 1-32 |
| 33 | വസ്തുനികുതി നിർണ്ണയം- അപാകതകൾ | 1-33 |
| 34 | അനധികൃത നിർമ്മാണം-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-34 |
| 35 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ- മരുന്ന് ലഭിച്ചിട്ടില്ല | 1-35 |
| 36 | വെണ്ണൂർ തുറ നവീകരണം.പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചെങ്കിലും പദ്ധതി ആരംഭിച്ചിട്ടില്ല. | 1-36 |
| 37 | ആശ്രയ പദ്ധതിയ്ക്ക് സി.ഡി.എസ്.ചെയർപേഴ്സണ് വിഹിതം കൈമാറൽ -തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. | 1-37 |
| 38 | കെൽട്രോണിൽ നിന്നും സ്കാനറും പ്രിന്ററുകളും ലഭിച്ചിട്ടില്ല | 1-38 |
| 39 | ജലജീവൻ മിഷന് പഞ്ചായത്ത് വിഹിതം കൈമാറൽ- | 1-39 |
| 40 | തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ-രണ്ട് പദ്ധതിയിൽ വാങ്ങിയ ഒരേ വിളക്കിന്റെ വിലയിൽ വലിയ വത്യാസം | 1-40 |
| 41 | പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം | 1-41 |
| 42 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിരുന്ന ആംബുലൻസ് നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല. | 1-42 |
| 43 | പഞ്ചായത്ത് ഇലക്ഷനോടനുബന്ധിച്ച് നടത്തിയ ചെലവുകളുടെ തുക ബ്ളോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. | 1-43 |
| 44 | ഗ്രാമ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങിയത് -വിതരണം നടത്തിയിട്ടില്ല. | 1-44 |
| 45 | അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-45 |
| 46 | പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി-വിട്ടുപോയഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതിവിഹിതം തിരികെ ഈടാക്കേണ്ടതാണ് | 1-46 |

| | | |
|---|---|---|
| 47 | കാട്ടുകുറ്റി കുടുംബാരോഗ്യകേന്ദ്രം-ഫാർമസിയും ലാബും ശീതീകരിക്കൽ- പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ് | 1-47 |
| 48 | ക്യാൻ തൃശ്ശൂർ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-48 |
| 49 | കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിൽ കാലതാമസം | 1-49 |
| 50 | സാമൂഹ്യ സുരക്ഷാ പെൻഷൻ-മരിച്ചവരുടെ പേര് പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കുന്നതിൽ കാലതാമസം. | 1-50 |
| 51 | തനത് ഫണ്ടിൽ നിന്നും സി ഡി എസിന് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല. | 1-51 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20-2-2021 | 1 | 295600000 | 293834000 |

### 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി |
|---|---|
| 18-6-22 | 31-7-2022 |

### 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11874795 |
| വരവ് | 72467595 |
| ആകെ | 84342390 |
| ചെലവ് | 71019975 |
| നീക്കിയിരിപ്പ് | 13322415 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 12542467 | 12393325 | 149142 |
| വികസനഫണ്ട്-എസ് സി പി | 7375313 | 6541333 | 833980 |
| വികസനഫണ്ട്-ടി എസ് പി | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് | 9659000 | 9320346 | 338654 |
| മെയിന്റനൻസ്-നോൺറോഡ് | 4894059 | 3691286 | 1202773 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- | 10586613 | 6501347 | 4085266 |

### 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8058 | 767056 | 775114 | 775114 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17598207 | 17598207 | 17598207 | |

### 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 173 | 83268217 | 98 | 49241320 | 41 | 34 | 56.64% |

### 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5315200 | 323 |
| വിധവാ പെൻഷൻ | 14450600 | 866 |
| വാർദ്ധക്യകാല പെൻഷൻ | 40820000 | 2278 |
| വികലാംഗ പെൻഷൻ | 4916400 | 298 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള | 910400 | 52 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 15.10.2022 തീയതിയിൽ 3.45 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6965/- രൂപ കാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ജനറൽ കമ്മിറ്റി മീറ്റിംഗുകളിൽ പദ്ധതിപുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാബേസ് മരിച്ചവരെയും, അനർഹരെയും ഒഴിവാക്കി സമയബന്ധിതമായി കൃത്യമാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് വ്യക്തമായ ഒരു അലംഭാവം കാണുന്നുണ്ട്. ആയത് ഒഴിവാക്കാൻ പരമാവധി ശ്രമിക്കേണ്ടതാണ്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിച്ച പത്രിക ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11 വസ്തു നികുതി-റെസിഡൻഷ്യൽ - രജിസ്റ്ററും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2855387 | 2835230 | 21195 | 832 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2855387 | 2847137 | 21195 | *832 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(874 /105X100)=832 |

## 1-12 വസ്തു നികുതി നോൺ റസിഡൻഷ്യൽ - ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2389358 | 2334454 | 11589 | 44896 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2389358 | 2320170 | 11589 | *44896 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(47145/105X100) =44900 (ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-13 വസ്തു നികുതി - റസിഡൻഷ്യൽ കുടിശ്ശിക - ഡിസിബിയും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5824 | 0 | 5824 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *43715 | 0 | **5824 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (23953+21948=45901/105*100)=43715 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (6118/105X100)= 5827(ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-14 വസ്തു നികുതി നോൺ റസിഡൻഷ്യൽ കുടിശ്ശിക -ഡിസിബിയും വാർഷികകണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 324557 | 90285 | 234273 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 347523 | 99771 | 234273 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(67963+296936=364899/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(246013/105X100) =234298, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-15 വസ്തുനികുതി,ലൈബ്രറിസെസ് എന്നിവയിലെ ഡിസിബി പത്രികയിൽ കൃത്യതയില്ല

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-16 വസ്തുനികുതി മുൻകൂർ-സഞ്ചയയും ബാലൻസ് ഷീറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 19516 | 1854 |

| | | | |
|---|---|---|---|
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 20179 | 1574 |

## 1-17 വസ്തുനികതി -കൃത്യ സമയത്ത് ഡിമാന്റ് എൻടി രേഖപ്പെടുത്തുന്നില്ല.

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിൽ 181 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. കൂടാതെ ഡിമാന്റ് കുറവ് ചെയ്തതായും കാണുന്നു. (റസിഡൻഷ്യലിൽ 855096 രൂപയും നോൺ റസിഡൻഷ്യലിൽ 714971രൂപയും ഡിമാന്റ് കുറവ് ചെയ്തു.) ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 പ്രയർ പിരീഡ് മുഖേന ലൈബ്രറി സെസ് തുക വർദ്ധിപ്പിച്ചു.

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 266297 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 266095 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 445121 രൂപയാണ്. (വൗച്ചർ.42100289, 42100290, 42100378, 42100380 തീ. 31.3.2022 (42755+35749+152903+15830+197884 = 445121)). പ്രയർ പിരീഡ് മുഖേന ലൈബ്രറി സെസ് ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. (വൗച്ചർ 42100381/31.3.2022-25103+25104 = 50207) കൂടാതെ ജേണൽ മുഖേനയും (421003/31.3.2022-48848രൂപ) ഡിമാന്റ് വർദ്ധിപ്പിച്ചു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല.

## 1-19 വാടക ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തി.

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(23 കെട്ടിടങ്ങൾ) | 130100101-Rent From Building | 402000 | 01.04.2021 | 42100005 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-20 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1447620രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7351460 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-22 ജേണൽ എൻട്രികൾക്ക് വൗച്ചർ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല.

കാഷ് അല്ലെങ്കിൽ ബാങ്ക് / ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-23 തൊഴിലുറപ്പ് പദ്ധതി-കോൺക്രീറ്റ് റോഡ് നിർമ്മാണം -മൂലധന ചെലവായി രേഖപ്പെടുത്തിയില്ല.

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും17598207രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ 2021-22ൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള 1785590 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 1785590 രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 1785590 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-24 വികസന/മെയ്ന്റനൻസ് ഫണ്ടുകളുടെ ചെലവ് സാംഖ്യ എ.സി.ആറിലും ധനകാര്യ പത്രികയിലും വത്യസ്തമായിരിക്കുന്നു.

വികസന/മെയ്ന്റനൻസ് ഫണ്ടുകളുടെ ചെലവ് സാംഖ്യ എ.സി.ആറിലും ധനകാര്യ പത്രികയിലും താഴെപറയും വിധം വത്യസ്തമായിരിക്കുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം ചെലവ് | ധനകാര്യ പത്രിക RP-7 പ്രകാരം ചെലവ് |
|---|---|---|
| വികസനഫണ്ട്-SCP | 6860414 | 6541333 |
| മെയ്ന്റനൻസ് ഫണ്ട് -NR | 3691286 | 3687586 |

## 1-25 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കുന്നില്ല

31/3/2021 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2022 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-26 പാർട്ട് ബിൽ നല്കിയതുക Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപെടുത്തിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 1579417രൂപയാണ്. എന്നാൽ 31/3/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 520317രൂപ യാണ്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയിൽ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2022 ൽ പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുകയായ 190266രൂപയും മേൽ ശീർഷകത്തിൽ ഉൾപെടുത്തിയിട്ടില്ല.

## 1-27 ഡെപ്പോസിറ്റ് വർക്കിന് കൈമാറി വിനിയോഗസാക്ഷ്യപത്രം ലഭിയ്ക്കാത്ത തുക വാർഷിക ധനകാര്യപത്രിക B-18 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഡെപ്പോസിറ്റ് വർക്കിനായി പൊതുമരാമത്ത് ഇലക്രിക്കൽ വിഭാഗത്തിന് കൈമാറി വിനിയോഗസാക്ഷ്യപത്രം ലഭിയ്ക്കാത്ത തുക വാർഷിക ധനകാര്യപത്രിക B-18 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

പി.എച്ച്.സി മെഡിക്കൽ ഓഫീസർ പ്രോജക്ട് നമ്പർ-172/22 ആയി കാട്ടുകുറ്റി കുടുംബാരോഗ്യകേന്ദ്രം ഫാർമ്മസിയും ലാബും ശീതീകരിയ്ക്കൽ എന്ന പ്രവർത്തിയ്ക്ക് പൊതുമരാമത്ത് ഇലക്രിക്കൽ വിഭാഗത്തിന് കൈമാറിയ 99749 രൂപയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലെങ്കിലും തുക വാർഷിക ധനകാര്യപത്രിക B-18 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-28 ലേലം - നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ഉത്രാടം കോളനിയിൽ നിന്നും മുറിച്ചുമാറ്റിയ രണ്ട് മഹാഗണിമരങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മുറിച്ചുമാറ്റിയ മരങ്ങളുടെ വാല്യുവേഷൻ ലഭിക്കുന്നതിന് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഓഫീസർക്ക് 12/5/2022 തീയതിയിൽ കത്ത് നല്കിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.2/19-10-2022). തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് ഓഫീസ്, കമ്മ്യൂണിറ്റി ഹാൾ, ഇൻഡോർ സ്റ്റേഡിയം, വൈന്തല സാംസ്കാരിക നിലയം എന്നിവിടങ്ങളിലെ ഉപയോഗശൂന്യമായ സാധനങ്ങൾ, ബാറ്ററികൾ എന്നിവ ലേലം ചെയ്യുന്നതിന് 24/12/2021 തീയതിയിലെ കമ്മിറ്റിയിൽ തീരുമാനിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ ലേലരജിസ്റ്ററിൽ ലഭ്യമല്ല. ഇക്കാര്യം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ബാറ്ററികൾ 2022 സെപ്റ്റംബർ മാസത്തിൽ ലേലം ചെയ്തിട്ടുള്ളതാണെന്നും ഉപയോഗശൂന്യമായ സാധനങ്ങളുടെ വാല്യുവേഷൻ എടുത്ത് നല്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.2/19-10-2022). തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 കരാറുകാർ തൊഴിൽനികുതി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

അസിസ്റ്റന്റ്എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു

1. ജോസഫ് കെ.പി
2.ജിജി കെ. എസ്
3. ഗ്രിന്റോ വർഗ്ഗീസ്
4. ഡെന്നി കെ. സി
5. ഫ്രാൻസിസ്. കെ. സി
6. കെ. പി. കുര്യാക്കോസ്
7.ലിയോൺ വർഗ്ഗീസ്
8.ജെഫ്രിൻ പിൻഹീറോ
9.ഫ്രാൻസിസ് പിൻഹീറോ
10.തോമസ്. എം. കെ
11. ബാബു ആന്റണി
12. വി. എൽ. പോളച്ചൻ
13. സിൽവി റോച്ച
14. എം. ആർ. രവീന്ദ്രൻ
15. സി.വി. ദേവസ്സിക്കുട്ടി

കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ.11/21.10.2022) മേൽ സൂചിപ്പിച്ച കരാറുകാരുമായി ഫോണിൽ ബന്ധപ്പെട്ടപ്പോൾ തൊഴിൽനികുതി മറ്റു പഞ്ചായത്തുകളിൽ അടവാക്കുന്നുണ്ടെന്ന വിവരമാണ് ലഭ്യമായതെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. കരാറുകാർ തൊഴിൽനികുതി അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

## 1-30 റേഷൻ കടകൾ ,കള്ള്ഷാപ്പുകൾ -ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്

1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149, ക്രമ നം. 139 എന്നിവ പ്രകാരം റേഷൻ കടകൾ, കള്ളുഷാപ്പുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ കള്ളുഷാപ്പുകൾ എന്നിവയുടെ എണ്ണം, ലൈസൻസ് വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ.13/21.10.2022) മറുപടി ലഭ്യമായില്ല. ഇത്തരം സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും

തൊഴിൽനികുതി (സ്ഥാപനം/ജീവനക്കാർ) ഈടാക്കേണ്ടതുമാണ് .

## 1-31 ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

1.പഞ്ചായത്തിന്റെ കീഴിലുള്ള വൈന്തല സാംസ്കാരിക നിലയം, കാട്ടുകുറ്റി കേന്ദ്ര സാംസ്കാരിക നിലയം എന്നീ ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. (16/6/2021 ലെ അജണ്ട.15, തീരുമാനം നം. 1) ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു എന്ന മറുപടിയാണ് ലഭ്യമായിട്ടുള്ളത് ( ഓഡിറ്റ് അന്വേഷണം നം. 2 /19-10-2022) .തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-32 ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കേണ്ടതാണ്

കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി എന്നിവയുടെ ബൈലോകൾ ബഹു. പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് (2/8/2021 ലെ അജണ്ട.7, തീരുമാനം നം. 1). തുടർനടപടികൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് കമ്മ്യൂണിറ്റി ഹാൾ ബൈലോ അംഗീകാരത്തിന് നല്കിയെങ്കിലും അപാകതകൾ പരിഹരിക്കുന്നതിന് മടക്കി നല്കിയിട്ടുണ്ടെന്നും ലൈബ്രറി ബൈലോ അംഗീകാരത്തിന് സമർപ്പിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം നം. 2 /19-10-2022). ബൈലോകൾക്ക് അംഗീകാരം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-33 വസ്തുനികുതി നിർണ്ണയം- അപാകതകൾ

ഫയൽ നം. ഇ-1118/22 മറിയാമ്മ, കണിച്ചായി ഹൗസ്, പാളയംപറമ്പ്, റഗുലറൈസേഷനും ഒക്യുപ്പൻസിയിൽ മാറ്റം വരുത്തുന്നതിനുമായി സമർപ്പിച്ച പ്ലാനിൽ രേഖപ്പെടുത്തിയ നിലവിലുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | Building No. | Built Up Area | Floor Area |
|---|---|---|---|
| Existing Residential Building | 1/139 | 425.60m$^2$ | 411.38m$^2$ |
| Existing Catering Unit | 1/141 | 65.28m$^2$ | 65.28m$^2$ |
| Existing Shed | 1/140 | 53.52m$^2$ | 35.33m$^2$ |

ടി കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | ഏരിയ | ഉപയോഗം | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി |
|---|---|---|---|
| 1/139( Residential) | 200m$^2$ | പാർപ്പിടം | 5രൂപ |
| 1/141(catering Unit) | 62.1m$^2$ | പാർപ്പിടം | 5രൂപ |
| 1/140( Shed) | 72.41m$^2$ | പാർപ്പിടം | 5രൂപ |

സഞ്ചയയിൽ രേഖപ്പെടുത്തിയ വിസ്തീർണ്ണങ്ങൾ വ്യത്യാസപ്പെടുകയും അടിസ്ഥാന വസ്തു നികുതി തെറ്റായ രീതിയിൽ നിശ്ചയിക്കുകയും കാണപ്പെട്ടതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.15/21.10.2022) ലഭ്യമായ മറുപടിയിൽ ടി കെട്ടിടങ്ങൾ 50 വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങളാണെന്നും ഫയലിലെ അപാകത പരിഹരിച്ച് ഉപയോഗമാറ്റത്തിനുള്ള അനുമതി എൽ. എസ്. ജി. ഡി സെക്ഷനിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് പ്ലാൻ പ്രകാരം മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വിസ്തീർണ്ണം, ഉപയോഗം എന്നിവ പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമായിട്ടുണ്ട്. കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന നികുതി നിശ്ചയിക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്. പഞ്ചായത്തിൽ വസ്തു നികുതി ഇല്ലാത്ത കെട്ടിടങ്ങൾ പുതുക്കി പണിയുകയും നിലവിൽ വസ്തുനികുതി ഉള്ള കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്, എന്നാൽ ഇത്തരം പുതുക്കി പണിത കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടില്ലാത്തതിനാൽ വരുമാനത്തിൽ നഷ്ടം വരുന്നതായി ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി നികുതി പുനർനിർണ്ണയിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 അനധികൃത നിർമ്മാണം-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഫയൽ നം. ഇ/5854/21

സർവെ നം. 124/2-2

പ്ലോട്ട് ഏരിയ- 1217 എം$^2$

ആന്റണി, ചെർപ്പണത്ത്, അന്നനാട് എന്നവർ പെർമിറ്റിനായി സമർപ്പിച്ച അപേക്ഷയിന്മേൽ ഓവർസീയർ സമർപ്പിച്ച റിപ്പോർട്ടിൽ പ്ലോട്ടിൽ നമ്പർ നല്കിയിട്ടുള്ള കൊമേഴ്സ്യൽ ബിൽഡിങ്ങിന്റെ (കെട്ടിടനമ്പർ. VII/224 A,B) First Floor ൽ റസിഡൻഷ്യൽ ബിൽഡിങ്ങ് പെർമിറ്റ് എടുത്ത് നിർമ്മിക്കുകയും സ്ഥലപരിശോധന നടത്തിയപ്പോൾ റൂൾ 26 - ടേബിൾ 4 പ്രകാരം സെറ്റ് ബാക്ക് ഇല്ല എന്ന് ബോധ്യപ്പെടുകയും കെട്ടിടം അനധികൃത നിർമ്മാണത്തിൽ ഉൾപ്പെട്ടതാണെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തെ അൺ ഓതറൈസ്ഡ് ബിൽഡിങ്ങ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. അനധികൃത കെട്ടിടം നിലവിലുള്ള പ്ലോട്ടിലാണ് 165.88 എം$^2$ വിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റിനായി വീണ്ടും അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപാകതകൾ സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്

കെട്ടിടം പൂർത്തീകരിച്ച് കെട്ടിടനമ്പർ ലഭിക്കുന്നതിന് ഫയൽ സമർപ്പിച്ചിട്ടില്ലായെന്നും ടി കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിനുവേണ്ടി ഉടമസ്ഥന് കത്ത് നല്കിയിട്ടുണ്ടെന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം. 10a/20-10-2022). കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235AA വകുപ്പ്, കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 90 എന്നിവ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ- മരുന്ന് ലഭിച്ചിട്ടില്ല

ഹോമിയോ ആശുപത്രിയ്ക്ക് മരുന്നു വാങ്ങുന്നതിനായി ഹോംകോയ്ക്ക് താഴെപറയും വിധം തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

പദ്ധതി നമ്പർ : 29/22-ചെലവ്- 150000.

ഫണ്ട് :മെയ്റ്റനൻസ് ഗ്രാന്റ് (റോഡിതരം)

വൗച്ചർ നമ്പർ :22100810 /01.11.2021.

മേൽപ്രകാരം തുക നൽകിയെങ്കിലും LF-666/03.09.2022 പ്രകാരം 78498 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 71502 രൂപയുടെ മരുന്ന് ലഭിയ്ക്കാനുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം അറിയിയ്ക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ:18/21.10.2022)

## 1-36 വെണ്ണൂർ തുറ നവീകരണം.പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി തുക ചെലവഴിച്ചെങ്കിലും പദ്ധതി ആരംഭിച്ചിട്ടില്ല.

കാടുകുറ്റി, മാള, കുഴൂർ, അന്നമനട ഗ്രാമപഞ്ചായത്തുകളിൽ ഉൾപ്പെട്ട 2000 ൽ അധികം ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കുന്നതിനും പ്രളയത്തിന്റെ ആഘാതം ഒഴിവാക്കുന്നതിനും തൃശ്ശൂർ ജില്ലാപഞ്ചായത്ത് നേതൃത്വം നൽകുന്ന ബൃഹദ്പദ്ധതിയാണ് വെണ്ണൂർ തുറ നവീകരണം. ഈ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികളിലൂടെ തുക ചെലവഴിച്ചെങ്കിലും പദ്ധതി ആരംഭിച്ചിട്ടില്ല.

1.വെണ്ണൂർ തുറ തോട് സർവ്വേപദ്ധതിനമ്പർ:202/22

അടങ്കൽ-490000

ചെലവ്-488140( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

വൗച്ചർ നമ്പർ :22101225 /18.02.2022.

2.വെണ്ണൂർ തുറ-അതിർത്തി നിർണ്ണയവും ബൗണ്ടറി സ്ഥാപിയ്ക്കലും

പദ്ധതി നമ്പർ : 203/22-ചെലവ്- 133678

വൗച്ചർ നമ്പർ :22101316 /10.03.2022-24270

വൗച്ചർ നമ്പർ :22101327 /11.03.2022-84096

വൗച്ചർ നമ്പർ :22101363 /16.03.2022-15962.

കൂടാതെ തനത് ഫണ്ടിൽനിന്നും 50 സർവ്വേക്കല്ലുകൾ 140രൂപ നിരക്കിൽ വാങ്ങാൻ വൗച്ചർ നമ്പർ 22100951 /30.12.2021-7000 രൂപ ചെലവഴിച്ചിട്ടുണ്ട്

ഈപദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

കേരള പൊതുമരാമത്ത് ചട്ടങ്ങൾ (ചട്ടം 9) പ്രകാരം 1ലക്ഷം മുതൽ 10 ലക്ഷം വരെ മതിപ്പ് ചെലവുള്ള പ്രവർത്തികൾ കുറഞ്ഞത് 10ദിവസത്തെ സമയം നൽകി പത്രത്തിൽ ടെണ്ടർ പരസ്യം നൽകി നിർവ്വഹിക്കേണ്ടതാണ്.എന്നാൽ 490000രൂപ അടങ്കലും 488140രൂപ ചെലവും ഉള്ള വെണ്ണൂർ തുറ തോട് സർവ്വേ എന്ന പ്രവർത്തിയ്ക്ക് ടെണ്ടർ വിളിച്ചിട്ടില്ല.

14.01.22 മുതൽ 02.02.22 വരെയുള്ള തിയതികളിലാണ് പ്രവർത്തി നിർവ്വഹിച്ചിരിയ്ക്കുന്നത്. ടെണ്ടർ വിളിച്ച് പ്രവർത്തി നിർവ്വഹിക്കാനുള്ള സമയപരിധി ഉണ്ടായിരുന്നു.

വിവിധ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ വിവിധ പ്രവർത്തികൾക്ക് ഏകീകൃത റേറ്റ് അംഗീകരിച്ച് നൽകാമെന്ന് ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ചിട്ടുള്ളതാണെന്ന് കാടുകുറ്റി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.12.21 ലെ 1/5 നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ജില്ലാ ആസൂത്രണസമിതി ഏകീകൃത റേറ്റ് അംഗീകരിച്ച് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അതിർത്തി നിർണ്ണയവും ബൗണ്ടറി സ്ഥാപിയ്ക്കലും എന്ന പദ്ധതിയിൽ സ്ഥാപിച്ച അതിർത്തികല്ലുകൾ ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞില്ല.

ഇപ്രകാരം മുന്നൊരുക്കങ്ങൾക്കായി മാത്രം 628818 രൂപ ചെലവഴിച്ച പദ്ധതിയുടെ പുരോഗതിയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-37 ആശ്രയ പദ്ധതിയ്ക്ക് സി.ഡി.എസ്.ചെയർപേഴ്സണ് വിഹിതം കൈമാറൽ -തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല.

ആശ്രയ പദ്ധതിയ്ക്ക് സി.ഡി.എസ് .ചെയർപേഴ്സണ് വിഹിതം കൈമാറൽ – തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല.

പദ്ധതി നമ്പർ : 34/22

400000 (പൊതുവിഭാഗം വികസനഫണ്ട്)

ബിൽ നമ്പർ :08/21-22/12.08.2021

100000 (ജില്ലാപഞ്ചായത്ത് വിഹിതം)

വൗച്ചർ നമ്പർ :22101433/26.03.2022

നളിനിപഴൂർ എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണത്തിനായി 2022-23 ൽ 360000 രൂപ ചെലവഴിച്ചിട്ടുണ്ട്

ലീല.സി.ജി.നളിനിപഴൂർ എന്ന ഗുണഭോക്താവിന് ഭവനപുനരുദ്ധാരണത്തിനായി 2021-22,2022-23 വർഷങ്ങളിലായി 75000 രൂപ ചെലവഴിച്ചിട്ടുണ്ട്

ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ആശ്രയ പദ്ധതിയ്ക്കായി കൈമാറിക്കിട്ടിയ തുക ചെലവഴിയ്ക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 1-38 കെൽട്രോണിൽ നിന്നും സ്കാനറും പ്രിന്ററുകളും ലഭിച്ചിട്ടില്ല

A)പദ്ധതി നമ്പർ : 120/22-ചെലവ്- 297747 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

വൗച്ചർ നമ്പർ :22100946/28.12.2021-177754 (കെൽട്രോൺ)

വൗച്ചർ നമ്പർ :22101456/30.03.2022-119993 (വിശ്വാസ് കമ്പ്യൂട്ടേഴ്സ്)

3ഡെസ്ക് ടോപ്പും 2പ്രിന്ററും2 ലാപ് ടോപ്പും വാങ്ങിയ പദ്ധതിയിൽ കെൽട്രോണിൽ നിന്നും 25906 രൂപയുള്ള 2 പ്രിന്ററുകൾ ലഭിച്ചിട്ടില്ല.

കെൽട്രോണിൽ നിന്നും സ്കാനർ ലഭിച്ചിട്ടില്ല

223/22 പദ്ധതിയിൽ ILGMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തോഫീസിലേയ്ക്ക് സ്കാനർ പ്രിന്റർ എന്നിവ വാങ്ങൽ എന്ന പദ്ധതിയിൽ സ്കാനർ വാങ്ങുന്നതിനായി കെൽട്രോണിന് താഴെപറയും വിധം തുക നൽകിയിട്ടുണ്ട്.

വൗച്ചർ നമ്പർ :22101510/19.03.2022-96949(പൊതുവിഭാഗം വികസനഫണ്ട്)

എന്നാൽ സ്കാനർ ലഭിച്ചിട്ടില്ല

പ്രിന്ററുകൾ, സ്കാനർ എന്നിവ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-39 ജലജീവൻ മിഷന് പഞ്ചായത്ത് വിഹിതം കൈമാറൽ-

ജലജീവൻ മിഷന് പഞ്ചായത്ത് വിഹിതം താഴെപറയും വിധം കൈമാറിയിട്ടുണ്ട്.

പദ്ധതി നമ്പർ : 150/22-ചെലവ്- 78360 (പൊതുവിഭാഗം വികസനഫണ്ട്)

വൗച്ചർ നമ്പർ :22101387/12.03.2022.

വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയുടെ പുരോഗതിവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-40 തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ-രണ്ട് പദ്ധതിയിൽ വാങ്ങിയ ഒരേ വിളക്കിന്റെ വിലയിൽ വലിയ വത്യാസം

തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങുന്നതിനായി രണ്ട് പദ്ധതികളിൽ താഴെപറയും വിധം തുക ചെലവഴിച്ചിട്ടുണ്ട് പദ്ധതി നമ്പർ : 15/22-ചെലവ്- 299989(പൊതുവിഭാഗം വികസനഫണ്ട്)

വൗച്ചർ നമ്പർ :22100817/01.11.202136/40 W സ്റ്റാർട്ടർ (5000എണ്ണം-ഒന്നിന് 7.8 രൂപ),36W കോപ്പർ ചോക്ക്(997 എണ്ണം-ഒന്നിന് 163.5രൂപ) എന്നിവയുൾപ്പെടെ 299989 രൂപയുള്ള സാമഗ്രികൾ A K എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിയ്ക്കുന്നത്.

പദ്ധതി നമ്പർ : 199/22-ചെലവ്- 100000(തനത് ഫണ്ട്)

വൗച്ചർ നമ്പർ :22101367/21.03.2022

36/40 W സ്റ്റാർട്ടർ (480 എണ്ണം-ഒന്നിന് 10 രൂപ), 36W കോപ്പർ ചോക്ക് (220 എണ്ണം-ഒന്നിന് 250രൂപ), ഹുക്ക് വയർ(4 എണ്ണം-ഒന്നിന് 350 രൂപ), 20W എൽ.ഇ.ഡി റ്റ്യൂബ് (199 എണ്ണം-ഒന്നിന് 195 രൂപ)എന്നിവയാണ് ABC മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരിയ്ക്കുന്നത്.

| ഇനം | A K എഞ്ചിനീയറിംഗിന്റെ വില | ABC മാർക്കറ്റിംഗിന്റെ വില |
|---|---|---|
| 36/40 W സ്റ്റാർട്ടർ | 7.8 രൂപ | 10രൂപ |
| 36W കോപ്പർ ചോക്ക് | 163.5രൂപ | 250രൂപ |

ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള ആവശ്യകത കണക്കാക്കി A K എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിൽ നിന്നു തന്നെ ഉപകരണങ്ങൾ വാങ്ങിയിരുന്നെങ്കിൽ ഇക്കാര്യത്തിൽ വില വത്യാസം മൂലമുള്ള അധികചെലവ് ഒഴിവാക്കാമായിരുന്നു. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-41 പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം

സർക്കാർ ഉത്തരവ് (കൈ) നം.11/2018/ത.സ്വ.ഭ.വ തിയതി 29.01.2018 പ്രകാരം പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച നിർവ്വഹിക്കാവുന്ന പദ്ധതികൾ താഴെപറയുന്നവയാണ്.

കുടിവെള്ള പ്രോജക്ടുകൾ

ശുചിത്വം, കക്കൂസ് മാലിന്യ പരിപാലനം

ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ, റോഡുകൾ, നടപ്പാതകൾ തുടങ്ങിയവയുടെ നിർമ്മാണവും അറ്റകുറ്റപണിയും

തെരുവ് വിളക്ക് സ്ഥാപിയക്കലും മെയിന്റനൻസും

ശ്മശാനങ്ങൾ സ്ഥാപിയ്ക്കലും, മെയ്റ്റനൻസും

എന്നാൽ മേൽപറഞ്ഞ വിഭാഗത്തിൽപെടാത്ത താഴെപറയുന്ന പദ്ധതികൾ 2021-22 ൽ നടപ്പിലാക്കിയിട്ടുണ്ട്

205/22-എസ്. എസ്.എവിഹിതം നൽകൽ രണ്ടാം ഘട്ടം-308000 രൂപ

127/22-14 - ാം പഞ്ചവത്സര പദ്ധതി രൂപീകരണം- 84335

119/22 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-125340

202/22വെണ്ണൂർ തുറ തോട് സർവ്വേചെലവ്-488140

203/22-വെണ്ണൂർ തുറ-അതിർത്തി നിർണ്ണയവും ബൗണ്ടറി സ്ഥാപിയ്ക്കലും 133678
സർക്കാർ ഉത്തരവിൽ അനുവദിക്കുന്ന പദ്ധതികൾ മാത്രം നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-42 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിരുന്ന ആംബുലൻസ് നിലവിൽ ഉപയോഗപ്പെടുത്തുന്നില്ല.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിരുന്ന ആംബുലൻസ് (KL08 BE 1814 ) എന്ന വാഹനം 19.2.2022 ന ശേഷം ഉപയോഗപ്പെടുത്തിയിട്ടില്ല. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി വാഹനം ഉപയോഗപ്പെടുത്തുന്നതിന് സാധ്യത പരിശോധിക്കേണ്ടതും വാഹനം ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-43 പഞ്ചായത്ത് ഇലക്ഷനോടനുബന്ധിച്ച് നടത്തിയ ചെലവുകളുടെ തുക ബ്ളോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല.

താഴെ പറയും പ്രകാരം പഞ്ചായത്ത് ഇലക്ഷൻ ചെലവുകൾക്കായി പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക യിൽ(66285രൂപ) 60000രൂപ മാത്രമേ തിരികെ ലഭിച്ചിട്ടുള്ളൂ. ബാലൻസ് തുക(6285 രൂപ) തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നമ്പർ/തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 2210444/27.8.21 | 1980 | പഞ്ചായത്ത് ഇലക്ഷന് കടിവെള്ള വിതരണം |
| 2 | 2210445/27.8.21 | 47105 | ബൂത്ത് അറേഞ്ച്മെന്റ് |
| 3 | 2210446/27.8.21 | 17200 | ബൂത്ത് അറേഞ്ച്മെന്റ് |
| | ആകെ | 66285 | |

## 1-44 ഗ്രാമ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങിയത് -വിതരണം നടത്തിയിട്ടില്ല.

പദ്ധതി നമ്പർ-217/22

നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ

ബിൽ നമ്പർ-33/25.3.22-151030/-

ബിൽ നമ്പർ-34/ 25.3.22-398630/-

ഗ്രാമ കേന്ദ്രങ്ങൾക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ എന്ന പദ്ധതി പ്രകാരം 10 കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയത് പഞ്ചായത്ത് കമ്മറ്റിയുടെ 7.6.22ലെ 1(3) തീരുമാന പ്രകാരം പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. അവ ഗ്രാമ കേന്ദ്രം ഫെസിലിറ്റേറ്റർമാർക്ക് കൈമാറുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ഗ്രാമ കേന്ദ്രം ഫെസിലിറ്റേറ്റർമാർക്ക് നൽകിയിട്ടില്ല. അവ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി പണം ചെലവഴിച്ച് വലിയ തുക ചെലവഴിച്ച് വാങ്ങുന്ന ഉപകരണങ്ങൾ ഉപയോഗപ്പെടുത്താതെ സൂക്ഷിക്കുന്നത് ശരിയായ നടപടി അല്ല. അവ എത്രയും വേഗം വാങ്ങിയ ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-45 അഗതി രഹിത കേരളം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

പഞ്ചായത്തിന്റെ അഗതി രഹിത കേരളം പദ്ധതിക്ക് 8.3.2019 നാണ് അംഗീകാരം ലഭിച്ചത്. മൂന്ന് വർഷം ആണ് പദ്ധതി കാലാവധി. എന്നാൽ 2021-22 ൽ പൂർത്തീകരിക്കേണ്ട പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.പദ്ധതിയുടെ ലക്ഷ്യം, പൂർത്തീകരണത്തോത് എന്നിവ താഴെ കൊടുക്കുന്നു.

| ക്രമ നം. | ആവശ്യകത | തോത് | എണ്ണം | നൽകിയത് |
|---|---|---|---|---|
| 1 | വീട് | 400000 | 29 | 7 |
| 2 | വീട് പുനരുദ്ധാരണം | 75000 | 49 | 7 |
| 3 | കുടിവെള്ളം | 10000 | 25 | 0 |
| 4 | ടോയ്ലറ്റ് | 12000 | 4 | 0 |
| 5 | ഭൂമി | 300000 | 8 | 0 |
| 6 | ഭക്ഷണം | | 99 | 99 |
| 7 | മരുന്ന് | | 87 | 0 |
| 8 | വസ്ത്രം | 500 | 53 | 0 |
| 9 | വിദ്യാഭ്യാസം | 500 | 15 | 0 |

2021-22 ൽ അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി അഗതിരഹിത കേരളം പദ്ധതിയിൽ (പദ്ധതി നമ്പർ-6/22) വീട്, വീട് പുനരുദ്ധാരണം പദ്ധതിക്കായി 400000 രൂപ കുടുംബശ്രീ അഗതിരഹിത കേരളം അക്കൗണ്ടിലേക്ക് കൈമാറിയതിൽ (ബിൽ നമ്പർ-1/12.8.21-300000& 18/14.3.22-100000/-രൂപ) 75000 രൂപ മാത്രമാണ് തൻ വർഷം ചെലവഴിച്ചത്. വ്യക്തമായ ആസൂത്രണത്തിന്റെ അഭാവമാണ് ഇത്തരത്തിൽ ഫണ്ട് ചെലവഴിക്കപ്പെടാതെ കിടക്കുന്നതിന് കാരണം.

അഗതി രഹിത കേരളം പദ്ധതിയിൽ പഞ്ചായത്ത് പദ്ധതിയിൽ നിന്ന് നൽകേണ്ടത് (3 വർഷം) ആകെ 18487100/- രൂ ആയിരുന്നു. എന്നാൽ ആകെ കൈമാറിയത് 1918344 രൂ മാത്രമാണ്.

സമൂഹത്തിലെ ഏറ്റവും അവശത അനുഭവിക്കുന്നവരെ സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരുന്നതിനായി ആവിഷ്കരിച്ച അഗതിരഹിത കേരളം പദ്ധതിയുടെ നടത്തിപ്പിലെ അലംഭാവമാണ് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെടാൻ കാരണം. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പദ്ധതികൾ കൃത്യമായി വിലയിരുത്തി അവ ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-46 പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി-വിട്ടുപോയഗുണഭോക്താക്കൾക്ക് വേണ്ടി അടവാക്കിയ പദ്ധതിവിഹിതം തിരികെ ഈടാക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ പദ്ധതി നം.11/21,പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതിയ്ക്കായി 64 ഗുണഭോക്താക്കൾക്ക്, 6250/രൂപാ വീതം ആകെ 400000/രൂപാ , ഡയറകൂർ, എസ് എൽ ബി പിയ്ക്ക് അടവാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും വിട്ട് നിൽക്കുന്നതായി കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേര് | തീറ്റ വാങ്ങിയതിന്റെ വിവരങ്ങൾ |
|---|---|---|
| 1 | മിജി ജോസ് | 6/22 വരെ വാങ്ങി |
| 2 | സാൻസോ സാജു | 1/22 മുതൽ വാങ്ങിയിട്ടില്ല. |
| 3 | റാണി ബെന്നി | 5/22 വരെ വാങ്ങി |
| 4 | ത്രേസ്യാമ്മ | 5/22 വരെ വാങ്ങി |
| 5 | ഗിരി | 5/22 വരെ വാങ്ങി |

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവർക്ക് വേണ്ടി അടവാക്കിയ പദ്ധതിവിഹിതം തിരികെ പ്ലാൻഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 1-47 കാട്ടുകുറ്റി കുടുംബാരോഗ്യകേന്ദ്രം-ഫാർമസിയും ലാബും ശീതീകരിക്കൽ-പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ, (പദ്ധതി നം.172/22) ഈ പദ്ധതിയിൽ, ഈ പ്രവൃത്തിയ്ക്കായി,
പിഡബ്ള്യു.ഡിയുടെ എസ്റ്റിമേറ്റ് പ്രകാരം

താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

ബിൽ നം.56/dt,26.3.22, തുക-81479/

വൗച്ചർ നം.22101468, Dt.30.3.22, തുക-12080/

വൗച്ചർ നം.22101469, Dt.30.3.22, തുക- 6190/

എന്നാൽ പണി പൂർത്തിയാക്കിയിട്ടില്ല. പണി പൂർത്തിയാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തിയാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-48 ക്യാൻ തൃശ്ശൂർ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പദ്ധതി നം.59/22

ബിൽ നം.39/dt.6.1.22

മേൽ ബില്ല് പ്രകാരം, ക്യാൻ തൃശ്ശൂർ പദ്ധതിയ്ക്കായി, 80000/ രൂപാ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിനെ ഹാജരാക്കേണ്ടതാണ്.

## 1-49 കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മരുന്നും ഉപകരണങ്ങളും ലഭ്യമാക്കുന്നതിൽ കാലതാമസം

കേരളാ മെഡിക്കൽ സർവീസ് കോർപറേഷനിൽ നിന്നും മെഡിക്കൽ ഉപകരണങ്ങളും, മരുന്നും ലഭ്യമാക്കുന്നതിന് വിവിധ പദ്ധതികൾക്കായി തുക നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നും ഉപകരണങ്ങളും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം/പേര് | നൽകിയ തുക | ബിൽ നം,തിയതി | മരുന്നുകൾ ലഭിച്ചത് | ബാക്കി ലഭിക്കാനുള്ളത് | റിമാർക്സ് |
|---|---|---|---|---|---|
| 54/22,പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 1392 | 62/dt.26.3.22 | 0 | 1392 | മരുന്ന് വാങ്ങുന്നതിനായി നൽകിയ തുക |
| “” | 60877 | 49/dt.5.3.22 | 0 | 60877 | ഉപകരണങ്ങൾക്കായി നൽകിയ തുക |
| “” | 83467 | 22/dt.6.10.21 | 38295 | 45172 | മരുന്ന് വാങ്ങുന്നതിനായി നൽകിയ തുക |
| “” | 100000 | 23/dt.6.10.21 | 0 | 100000 | മരുന്ന് വാങ്ങുന്നതിനായി നൽകിയ തുക |
| 64/22പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ | 724999 | 60/dt.26.3.22-999/ 51/dt.17.3.22-67313 36/dt.30.12.21-156687/ 5/dt.15.6.21-144033/ 3/dt.2.6.21-355967/ | 633896 | 91103 | മരുന്ന് വാങ്ങുന്നതിനായി നൽകിയ തുക |

## 1-50 സാമൂഹ്യ സുരക്ഷാ പെൻഷൻ-മരിച്ചവരുടെ പേര് പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കുന്നതിൽ കാലതാമസം.

കാട്ടുകുറ്റി സർവീസ് സഹകരണബാങ്ക് പ്രസിഡന്റ് -7-2021ൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരിൽ കുറച്ച് പേർക്ക് മാസങ്ങളായി പെൻഷൻ വിതരണം ചെയ്യാൻ കഴിയുന്നില്ല എന്നും, ഇവർ മരണപ്പെട്ടതായി അറിഞ്ഞു എന്നും ഇവരെ ഡാറ്റാ ബേസിൽ നിന്നും നീക്കാൻ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് 56 പേരുടെ ലിസ്റ്റും നൽകിയിട്ടുണ്ട്. ഈ ലിസ്റ്റും, സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലും പരിശോധനയിൽ , മരിച്ച ആളുകൾക്ക് പലർക്കും മരണം നടന്ന് ഏതാണ്ട് ഒരുവർഷത്തോളം പെൻഷൻ നൽകിയതായി കാണുന്നുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ | വിതരണം ചെയ്യാൻ കഴിയാതിരുന്നത് | ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയത് |
|---|---|---|---|
| മേരി മേനാച്ചേരി | വാർദ്ധക്യകാല പെൻഷൻ | 2020 മെയ് മുതൽ | 2021 ഓഗസ്റ്റ് |
| അഞ്ജനം പേങ്ങൻ | കർഷക തൊഴിലാളി പെൻഷൻ | 2020ഒക്ടോബർ | “” |
| കുഞ്ഞിക്കാവലി | വാർദ്ധക്യകാല പെൻഷൻ | 2020ഒക്ടോബർ | “” |
| ബഷീർ വക്കത്തോട്ടുവ | വാർദ്ധക്യകാല പെൻഷൻ | 2020 മെയ് മുതൽ | “” |
| ഏല്യാ മാനാടൻ | വാർദ്ധക്യകാല പെൻഷൻ | 2021ജനുവരി | 2022 മെയ് |

| | | | |
|---|---|---|---|
| സുബ്രഹ്മണ്ൻ | വാർദ്ധക്യകാല പെൻഷൻ | 2019ഡിസംബർ | 2021നവംബർ |

സർക്കാർ ഉത്തരവ് നം.97/2020/ധന,തിയതി.23.9.20 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കാൻ തദ്ദേശ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.ധനകാര്യ വകുപ്പിന്റെ, 5.11.2020ലെ, 67/2020 നമ്പർ സർക്കുലർ പ്രകാരം, മരണപ്പെട്ടവരെയും, അനർഹരെയും ഡാറ്റാബേസിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

ആയതിനാൽ പെൻഷൻ ഡാറ്റാബേസ്, അനർഹരെയും മരണപ്പെട്ടവരെയും ഒഴിവാക്കി സമയബന്ധിതമായി കൃത്യമാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-51 തനത് ഫണ്ടിൽ നിന്നും സി ഡി എസിന് നൽകിയ തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

30.10.21ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 7/1-ാം നമ്പർ തീരുമാനം പ്രകാരം, ആശ്രയ പദ്ധതി ഒരു അനിവാര്യ പദ്ധതി ആയതിനാൽ, പദ്ധതി നടത്തിപ്പിനാവശ്യമായ തുക പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും കണ്ടെത്തുന്നതിനും, പിന്നീട് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചാത്ത് ഫണ്ടിലേക്ക് റീക്യൂപ്പ് ചെയ്യുന്നതിനും തീരുമാനിച്ചു. ആയത് പ്രകാരം വൗച്ചർ നം.22101403, തിയതി.26.3.22 പ്രകാരം,2,28,400/രൂപാ സി ഡി എസിന് കൈമാറിയെങ്കിലും ഈ തുക നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല. സി ഡി എസിന് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | | | | |
| | | 800000 | നെൽകൃഷിക്ക്കൂലിച്ചെലവ് സബ്സിഡി | 800000 | 0 |
| | | 100000 | കോവിഡ് 19പ്രതിരോധപ്രവർത്തനങ്ങൾ | 100000 | 0 |
| | | 148830 | പെയിൻ ആന്റ് പാലേറ്റീവ് കെയർ | 148830 | 0 |
| | | 200000 | ലൈഫ് ഭൂരഹിതഭവനരഹിതഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങൽ(ജനറൽ) | 200000 | 0 |
| | | 321232 | അംഗൻവാടി ഫീഡിംഗ് | 321232 | 0 |
| | | 250000 | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | 200000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 0 |
| | | 100000 | ആശ്രയ വിഹിതം നൽകൽ (എസ് സി) | 100000 | 0 |
| | | | | | 0 |
| | | | | | 0 |
| ജില്ലാപഞ്ചായത്ത് | 2021-22 | 800000 | നെൽകൃഷിക്ക്കൂലിച്ചെലവ് സബ് സിഡി | 800000 | |
| | | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 100000 | |

| | | | | | |
|---|---|---|---|---|---|
| | | 360000 | ലൈഫ് മിഷൻ ഭവനനിർമാണം-എസ് സി | 360000 | |
| | | 253021 | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 253021 | |
| | | 100000 | ആശ്രയ വിഹിതം നൽകൽ എസ് സി | 100000 | |
| | | 130000 | ആശ്രയ വിഹിതം നൽകൽ-ജനറൽ | 100000 | 30000 |
| | | 100000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 100000 | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ചതുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി ഡബ്ല്യു ഡി-ഇലക്ട്രിക്കൽ വിംഗ് | കാട്ടുകുറ്റി കുടുംബാരോഗ്യകേന്ദ്രം ഫാർമസിയും ലാബും ശീതീകരിക്കൽ | 56/26.3.22<br>22101468/30-3-22<br>22101469/30-3-22 | 81479}<br>}<br>12080}<br>99749<br>}<br>}<br>6190} | 0 | 99749 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം/തിയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 4072297 | 2920706 | 968000 | 0 | 1952706 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 5661044 | |
| തൻവർഷം നിക്ഷേപിച്ച തുക | 0 | |
| പലിശ | 394000 | |
| ആകെ | 6055044 | |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപം | 6055044 | |
| വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപത്തിന്റെ വിവരം | തുക | ബാങ്കിന്റെ വിവരം |
| | 6055044 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം/തിയതി |
|---|---|---|---|---|
| 2019-20 | | 250 | | 121050100870,dt.17.8.21 |
| 2019-20 | | 4322 | | 121050100858,dt.16.8.21 |
| 2019-20 | | 3643 | | 121050100854,dt.16.8.21 |

| | | | | |
|---|---|---|---|---|
| 2019-20 | | 4904 | | 121050100860,dt.16.8.21 |
| 2019-20 | | 1987 | | 121050100861,dt.16.8.21 |
| 2019-20 | | 3540 | | 121050100862,dt.16.8.21 |
| 2019-20 | | 1005 | | 121050100863,dt.16.8.21 |
| 2019-20 | | 500 | | 121050100865,dt.16.8.21 |
| 2000-01 | 3-1 | 265 | എൽസി ശ്രീധരൻ | 121050130877,dt.5.2.22 |
| 2000-01 | 2-4 | 25 | തോമസ് | 121050103876,dt.5.2.22 |
| 2000-01 | 2-1 | 651 | ജോസഫ് പെരേര | 121050103875,dt.5.2.22 |
| 2000-01 | 3-1 | 512 | എം.പി.ശങ്കരൻ | 121050103872,dt.5.2.22 |
| 2002-03 | 3-6 | 386 | പി.കെ.കുമാരൻ | 121050103873,dt.5.2.22 |
| 2002-03 | 2-7 | 690 | ശാന്തി.ടി.കെ | 121050103874,dt.5.2.22 |
| 2002-03 | 2-5 | 163 | സുബ്രഹ്മണ്യൻ | 121050103926,dt.8.2.22 |
| 2000-01 | 8 | 174 | എം ഒ | 121050103929,dt.8.2.22 |
| 2000-01 | 2-1 | 651 | പൗലോസ് | 121050103931,dt.8.2.22 |
| 1999-00 | 2-1 | 360 | ജോർജ് | 121050103977,dt.10.2.22 |
| 1996-97 | 24-1 | 35 | ഗോപുരൻ പൗലോസ് | 121050103967,dt.10.2.22 |
| 1996-97 | 25 | 131 | വി എം ടി അന്നമനട | 121050103968,dt.10.2.22 |
| 1996-97 | 26 | 775 | രവി ജോസ് | 121050103969,dt.10.2.22 |
| 1996-97 | 39 | 620 | രവി ജോസ് | 121050103970,dt.10.2.22 |
| 2001-02 | 3-2 | 459 | കൺവീനർ | 121050103985,dt.11.2.22 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2-4 | 2006-07 | 3.58.1 | മണൽ പെർമിറ്റ് പണം അടവാക്കാത്തത് സംബന്ധിച്ച് | മറുപടി സമർപ്പിച്ചിട്ടുണ്ട്. |
| 2004-05 | 3-4 | 2009-10 | 3.8.8 | കുടുംബശ്രീ സമഗ്ര കൃഷി വികസനം | മറുപടി നൽകി |
| 2004-05 | 3-3 | 2009-10 | 2.8.5 | റോഡുകളിൽവഴിവിളക്കുകൾ സ്ഥാപിക്കൽ- നിക്ഷേപവേലകൾ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | മറുപടി നൽകി |
| 2014-15 | 2-5 | 2016-17 | അനുബന്ധം-4 | തൊഴിൽനികുതി- അപാകതകൾ | മറുപടി നൽകി |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72467595 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71019975 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് അദാലത്തിന് ശേഷം ഇനി തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളും ഖണ്ഡികകളും

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 2002-03 | LFT-14-440/06 തീ. 2.6.06 | 1 | 2-4 | CAR |
| 2 | 2004-05 | LFT-14-1399/08 തീ. 5.9.09 | 2 | 3-3, 3-4 | CAR |
| 3 | 2006-07 | LFT-14-830/09 തീ. 20.9.10/5.8.11 | 1 | 3-9 | |
| 4 | 2007-08 | LFT-P14-1151/11 തീ. 24.11.11/3.4.12 | 1 | 3-3 | |
| 5 | 2008-09 | LFT-P3-2067/11 തീ.23.1.12 | 1 | 3-1 | |
| 6 | 2009-10 | LFT-P3-1083/12 തീ. 12.10.12/4.2.13 | 1 | 3-4 | |
| 7 | 2010-11 | LFT-P3-1082/12 തീ. 12.10.12/4.2.13 | 1 | 3-8 | |
| 8 | 2011-12 | LFT-P7-893/13 തീ. 13.11.13/3.1.14 | 1 | 2-3(1) | |
| 9 | 2014-15 | KSA-TSR-(P7)1218/16 തീ.25.7.16/30.7.16 | 3 | 2-5<br>2-7<br>3-18 | 2-5 CAR |
| 10 | 2016-17 | KSA-TSR-(P7)1707/11 തീ. 01.12.17/29.12.17 | 1 | 3-3 | |
| 11 | 2017-18 | KSA-TSR(P7)483/19 തീ. 29.4.19 | 4 | 3-6, 3-11,<br>3-12(3), 3-18 | |
| 12 | 2018-19 | KSA-TSR(P7)124/2020 തീയതി.21.05.2020 | 12 | 1-9, 1-12, 1-13, 1-14,1-15,1-17,<br>1-21,1-22,1-23,1-24,1-27,1-28 | |
| 13 | 2019-20 | KSATSR (P 4)1212/2021 തീ. 10/12/2021 / 05/02/2022 | 21 | 1-9,1-10,1-11, 1-12, 1-13,<br>1-14,1-15,1-21,1-25,1-26,1-27,1-29,1-30,1-31,<br>1-34,1-36,1-38,1-40,1-41,1-42,1-44 | |
| 14 | 2020-21 | KSATSR (P 4)1213/2021, തീ. 10/12/2021/ 05/02/2022 | 23 | 1-10, 1-11, 1-12, 1-13, 1-14, 1-15,<br>1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23,<br>1-24, 1-25, 1-26, 1-27, 1-28, 1-29, 1-30,<br>1-31, 1-32 | |
| | ആകെ | | 73 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കാടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്